# സമഗ്ര ശിക്ഷ, കേരളം



## പാദവാർഷിക മൂല്യനിർണയം 2018 – 19

### കേരളപാഠാവലി

സ്റ്റാന്റേർഡ് IX

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

1. **ഉചിതമായ രീതിയിൽ പട്ടിക ക്രമപ്പെടുത്തുക** (4 x 1 = 4)

| | | |
|---|---|---|
| എന്തിനി പ്രകൃതിയിൽ സൗന്ദര്യമയമായു ളെളന്തും, ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു. | കടത്തുകാരൻ | സാറാതോമസ് |
| എന്റെ ലോകം വളരെ വളരെ ഇടുങ്ങിയതാണ്.മറ്റുളളവർക്ക് മന്സ്സിലാക്കാനാവാത്തവിധം | നഗരത്തിൽ ഒരു യക്ഷൻ | ഹെർമ്മൻ ഹെസ്സെ |
| നദിയാണ് കാതോർക്കാൻ എന്നെ പഠിപ്പിച്ചത്. നിങ്ങളും നദിയിൽ നിന്നു തന്നെ പഠിക്കും | സൗന്ദര്യലഹരി | ആറ്റൂർ രവിവർമ്മ |
| ബാല്യകാലത്തിൻ നുറുങ്ങു കഥകളാൽ - പിന്നെയും മാധുരിചേർത്തു നീ കാപ്പിയിൽ | കുപ്പിവളകൾ | ചങ്ങമ്പുഴ കൃഷ്ണപിള്ള |

**2മുതൽ 4 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക (2x 2=4)**

2. മാതൃകപോലെ എഴുതുക.
   ഓർമ്മയില്ല - ഓർമ്മ + ഇല്ല
   കഥയരങ്ങ് -
   ആലോചനാമൃതം -

3. "വല്ലികാനടികൾ നൽ പല്ലവാകുലമായ
   ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ"
   കാവ്യഭംഗി വ്യക്തമാക്കുന്ന രണ്ട് സൂചനകൾ എഴുതുക.

4. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമായി മാറ്റിയെഴുതുക.
അയാൾ ഒരിക്കലും അക്ഷമ കാട്ടിയില്ല. പ്രശംസിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്തില്ല.

**5 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക.**

**(5 x 4 = 20)**

5. "പൂർവ്വദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും
മുല്ലമൊട്ടുകൾവാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും"

കാവ്യഭംഗി വിശകലനം ചെയ്ത് കുറിപ്പുതയാറാക്കുക.

6. "പനിനീർപ്പൂക്കൾ പോലുള്ള തുടുതുടുപ്പൻ ശബ്ദങ്ങൾ നല്ല ശീലുകളിൽ കോർത്തിണക്കി ശ്രുതി മധുരമായി ചൊല്ലിക്കേട്ടാൽ ,വിവക്ഷിതമെന്തായാലും വേണ്ടില്ല, ചിലർക്ക് ഒന്നാന്തരം കവിതയായി."

"പുറം പകിട്ടെത്രയ്ക്കുണ്ടായാലും ഉൾക്കോമളിമയോളം കണ്ടതിനുശേഷം മാത്രം തൃപ്തിപ്പെടുന്നവർ മറ്റൊരുവക."

കാവ്യപീഠിക - ജോസഫ് മുണ്ടശ്ശേരി

കാവ്യ സൗന്ദര്യത്തെക്കുറിച്ചുള്ള എന്തെല്ലാം നിരീക്ഷണങ്ങളാണ് ഈ പ്രസ്താവനയിലൂടെ വെളിപ്പെടുന്നത്? കണ്ടെത്തിയെഴുതുക.

7. • "നിന്നഭാവത്തിലനുഭവിക്കുന്നു ഞാ-
നമ്മയെപ്പണ്ടു പിരിഞ്ഞതിൻ വേദന"
• "പോയ മധുവിധുക്കാലത്തിനേക്കാളു-
മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ"

കവി അനുഭവിക്കുന്ന വിരഹദുഃഖത്തിന്റെ തീവ്രത ' നഗരത്തിൽ ഒരു യക്ഷൻ' എന്ന കാവ്യശീർഷകവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

8. ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങളുടെ പ്രതീകമാണോ "കീറിപ്പൊളിഞ്ഞ ചകലാസ് " നിങ്ങളുടെ അഭിപ്രായമെന്ത്? പ്രതികരണക്കുറിപ്പു തയാറാക്കുക.

9. "അതെ , അത് വളരെ ആഹ്ലാദകരം തന്നെ. പക്ഷേ, എല്ലാത്തരം ജീവിതവും അങ്ങനെയല്ലേ, എല്ലാ തൊഴിലുകളും ആനന്ദപ്രദമല്ലേ"
"നാലോ അഞ്ചോ പേർക്ക് ഈ നദി തടസ്സമായിരുന്നില്ല. അവർ അതിന്റെ ശബ്ദം കേട്ടു. അതു പറയുന്നതിനു കാതോർത്തു. എനിക്കെന്ന പോലെ അവർക്കും നദി വിശുദ്ധമായിത്തീർന്നു."
ഇതരസന്ദർഭങ്ങൾ കൂടി പരിഗണിച്ച് വാസുദേവൻ എന്ന കഥാപാത്രത്തിന്റെ ജീവിതവീക്ഷണം എന്തെന്നു വിലയിരുത്തി കുറിപ്പു തയാറാക്കുക.

10. " എന്തു സംഭവിക്കുന്നു എന്നാലോചിച്ച് നിൽക്കുമ്പോൾ കലപില കൂട്ടുന്ന കുപ്പിവളകൾ തന്റെ കൈത്തണ്ടിലേക്ക് .......വിശ്വസിക്കാനാവാതെ പതുക്കെ തടവി നോക്കാൻ കൈപ്പടം അനക്കിയപ്പോൾ മണികിലുക്കം പോലെ കൗതുക മുണർത്തുന്ന നാദം ! പെട്ടെന്ന് മനസ്സിൽ ആഹ്ലാദത്തിന്റെ രോമാഞ്ചം! ഉള്ളിൽ ഒതുങ്ങാതെ അത് ശരീരത്തിൽ ആകെ പടർന്നു കയറുകയാണ്."

കണ്ണമ്മയുടെ മാനസികാവസ്ഥ വ്യക്തമാക്കാൻ ഈ വാക്യങ്ങൾ എത്ര മാത്രം അനുയോജ്യമാണ്?

**11 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**(2 x 6 = 12)**

11. കാവ്യഭംഗി, ആശയഭംഗി എന്നിവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക. (6)

വെൺമുകിൽ കുഞ്ഞുങ്ങൾ നീന്തിക്കളിക്കുന്ന
നിർമ്മലാകാശ ജലാശയവും
താരപ്പൂചൂടിയും മഞ്ഞാട ചാർത്തിയും
ദൂരത്തു മിന്നുമാ മാമലയും
ഉന്മേഷത്തിൽ പച്ചപ്പാവാടയും ചുറ്റി-
യുല്ലസിച്ചീടുമപ്പാടങ്ങളും
കാനനച്ചോലയിൽ വീണവായിച്ചുകൊ-
ണ്ടാനന്ദിച്ചീടുമുൾനാടുകളും
നൂനം പ്രകൃതിതൻ കൈവിരുതത്രയും
കാണിപ്പൂ കേരളഖണ്ഡത്തിങ്കൽ

നൂനം - നിശ്ചയം

ഐക്യകേരളം — പി.കുഞ്ഞിരാമൻനായർ

12. • "തന്റെ ലോകം വളരെ വളരെ ഇടുങ്ങിയതാണ്. മറ്റുള്ളവർക്ക് മനസ്സിലാക്കാനാവത്തവിധം"

• "സൗന്ദര്യവും തിളക്കവും പച്ചനിറവും ഒന്നും തനിക്ക് പിടിയുള്ള വാക്കുകളല്ലല്ലോ!"

• "കൈകൾ കുലുക്കി കുപ്പിവളകളുടെ മന്ത്രനാദം കേൾക്കുന്ന തിരക്കിൽ അവൾ മറ്റെല്ലാം മറന്നു പോയിരുന്നു"

സൂചനകളുടെ അടിസ്ഥാനത്തിൽ കണ്ണമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക.

13. •'ആഹ്ലാദത്തിന്റെ മറ്റൊരു പേരാണ് സൗന്ദര്യം

•' ഓരോ വ്യക്തിയുടെയും സംസ്കാരം ഓരോ മാതിരിയായിരിക്കും. അതിനാൽ സൗന്ദര്യാനുഭൂതിയും അങ്ങനെത്തന്നെ.

• ' കലയിലെ ഒത്തിരിപ്പാണ് കലയിലെ സൗന്ദര്യം

സൗന്ദര്യത്തെ സംബന്ധിച്ച ജോസഫ് മുണ്ടശ്ശേരിയുടെ നിരീക്ഷണങ്ങളാണിവ. ഉചിതമായ മറ്റു വസ്തുതകൾ കൂടി പരിഗണിച്ച് ഉപന്യാസം തയാറാക്കുക.